**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1067** — **24-02-2022 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ വി ജോയി,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എച്ച്. സലാം | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | നിരന്തരമുള്ള കടലാക്രമണ ഭീഷണിയിൽ കഴിഞ്ഞിരുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പുനർഗേഹം പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (എ) | തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കാൻ ലക്ഷ്യമിടുന്ന പുനർഗേഹം പദ്ധതി പ്രകാരം ഇതുവരെ 2208 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയും, 1770 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും അതിൽ 1093 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. ഗുണഭോക്താക്കൾക്ക് കൈമാറിയ ഫ്ലാറ്റുകൾ, നിർമ്മാണം പുരോഗമിക്കുന്ന ഫ്ലാറ്റുകൾ, ഭരണാനുമതി ലഭിച്ച് നിർമ്മാണം ആരംഭിക്കുന്ന ഫ്ലാറ്റുകൾ എന്നിവയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കായുള്ള ഭൂമിയുടെ രജിസ്ട്രേഷൻ ഫീസും മുദ്രവിലയും ഒഴിവാക്കിയിട്ടുണ്ടോ; ഇതുവരെ എത്ര ഗുണഭോക്താക്കൾക്ക് സ്ഥലം കണ്ടെത്തിയിട്ടുണ്ട് ; പഴയ ഭൂമിയിലുള്ള ഉടമസ്ഥാവകാശം നിലനിർത്തിക്കൊണ്ടാണോ ഇവരെ പുനരധിവസിപ്പിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | ഒഴിവാക്കിയിട്ടുണ്ട്. DLAC അംഗീകരിച്ച 11146 ഗുണഭോക്താക്കളിൽ 2208 പേർ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. നിലവിലുള്ള ഭൂമി ഉടമയുടെ പേരിൽ തന്നെ നിലനിർത്തി കൃഷിക്ക് ഉപയോഗിക്കാവുന്നതാണെന്നും, ഈ സ്ഥലത്ത് യാതൊരു വിധ നിർമ്മാണ പ്രവർത്തനവും നടത്തുകയില്ലാ എന്നുമുള്ള വ്യവസ്ഥയിലാണ് ഇവരെ പുനരധിവസിപ്പിക്കുന്നത്. |
| (സി) | സംസ്ഥാനത്ത് ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ എത്രയെന്ന കണക്ക് ലഭ്യമാണോ; അവർക്കെല്ലാം ഈ സർക്കാരിന്റെ കാലയളവിൽ വീട് നൽകാൻ പദ്ധതിയുണ്ടോയെന്നും വ്യക്തമാക്കാമോ? | (സി) | ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിന്റെ (എൻ.ഐ.ആർ.ഡി) 2010 ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 29209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16,359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരും 12,850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിത ഭവനരഹിതരുമായിരുന്നു. 2018-19 മുതൽ മത്സ്യത്തൊഴിലാളികളുടെ ഭവന |

| | | | |
|---|---|---|---|
| | | | നിർമ്മാണ പദ്ധതി ലൈഫ് മിഷനിലേക്ക് മാറ്റിയതിനെ തുടർന്ന് വകുപ്പ് മുഖേന നടത്തിയ സത്വര സർവെ പ്രകാരം ഭവനരഹിതരായ 7778 പേരുടെ ലിസ്റ്റും, ഭൂരഹിത ഭവനരഹിതരായ 7346 പേരുടെ ലിസ്റ്റും ലൈഫ് മിഷന് നൽകിയിട്ടുണ്ട്. ഭവനരഹിതരായ അർഹരായ മുഴുവൻ ആളുകൾക്കും ഭവനം ലഭ്യമാക്കുന്നതിനാണ് ലൈഫ് മിഷൻ പദ്ധതി ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## ഗുണഭോക്താക്കൾക്ക് കൈമാറിയ ഫ്ലാറ്റുകളുടെ വിവരം

| ക്രമ നം. | ജില്ല | ലൊക്കേഷൻ | ഫ്ലാറ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | കാരോട് | 128 |
| 2 | തിരുവനന്തപുരം | ബീമാപ്പള്ളി | 20 |
| 3 | മലപ്പുറം | പൊന്നാനി | 128 |
| | **ആകെ** | | **276** |

## നിർമ്മാണം പുരോഗമിക്കുന്ന ഫ്ലാറ്റുകളുടെ വിവരം

| ക്രമ നം. | ജില്ല | ലൊക്കേഷൻ | ഫ്ലാറ്റുകളുടെ എണ്ണം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | കൊല്ലം | Q.S.S. കോളനി | 114 | ഫ്ലാറ്റുകളിൽ 68 ഫ്ലാറ്റുകൾ ഗുണഭോക്താക്കൾക്ക് കൈമാറുന്ന തരത്തിൽ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. |
| 2 | ആലപ്പുഴ | മണ്ണുംപുറം | 228 | ഫ്ലാറ്റിന്റെ ഒന്നാംഘട്ടം പൈലിംഗ് പണി പൂർത്തികരിച്ചിട്ടുണ്ട്. പൈലിംഗ് മുതൽ ഫസ്റ്റ് ഫ്ലോറിന്റെ ലിന്റൽ ലെവൽ വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. |
| | **ആകെ** | | **342** | |

## ഭരണാനുമതി ലഭിച്ച് നിർമ്മാണം ആരംഭിക്കുന്ന ഫ്ലാറ്റുകൾ

| ക്രമ നം. | ജില്ല | ലൊക്കേഷൻ | ഫ്ലാറ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | കാരോട് | 24 |
| 2 | തിരുവനന്തപുരം | വലിയതുറ | 192 |
| 3 | മലപ്പുറം | പൊന്നാനി | 100 |
| 4 | മലപ്പുറം | നിറമരുതൂർ | 16 |
| 5 | കാസർഗോഡ് | കോയിപ്പാടി | 144 |
| | **ആകെ** | | **476** |

സെക്ഷൻ ഓഫീസർ